Reg. No. | | | | | | | | | |

**BCAMLLN 201/BSWMLLN 201/HRDMLLN 201/BSHMLLN 201/FNDMLLN 201/ BSAMLLN 201/BIDMLLN 201/BFDMLLN 201/BSCMLLN 201/BHSMLLN 201/ BFTMLLN 201**

# II Semester B.C.A./B.S.W./B.A.(HRD)/B.Sc.(Home Science)/B.Sc.(FND)/ B.Sc.(A and VE)/B.Sc.(ID and D)/B.Sc. (FD)/B.Sc./B.Sc.(HS)/B.Sc. (FT) Examination, September 2022 (New Syllabus) (NEP-2020 Scheme) (2021-22 Batch Onwards) MALAYALAM (AECC)

Time : 2 Hours                                                                 Max. Marks : 60

I. **രണ്ടോ മൂന്നോ** വാക്യത്തിൽ ഉത്തരമെഴുതുക. **(10×1=10)**

1) ശകുന്തളയെ ദുഷ്യന്തൻ വിവാഹം കഴിച്ചത് കണ്വമഹർഷിക്കു സമ്മതമായിരിക്കുമെന്ന് അനസൂയ പറഞ്ഞതെന്തുകൊണ്ട് ?

2) കണ്വമഹർഷി അഗ്നിഹോത്ര ഗൃഹത്തിൽ പ്രവേശിച്ചപ്പോൾ കേട്ട അശരീരി വാക്കെന്ത് ?

3) സഖിമാർ അണിയിച്ചപ്പോൾ ശകുന്തളയ്ക്ക് ദു:ഖമുണ്ടായതെന്തുകൊണ്ട് ?

4) ശകുന്തള ഭർത്തൃഗൃഹത്തിലേക്കു പോകുന്ന സന്ദർഭത്തിൽ കണ്വൻ വൃക്ഷലതാദികളോടു പറഞ്ഞതെന്ത് ?

5) ശകുന്തളയ്ക്ക് എപ്പോൾ ആശ്രമത്തിലേക്കു തിരിച്ചു വരാമെന്നാണ് കണ്വൻ പറഞ്ഞത് ?

6) കണ്വമഹർഷി ശിഷ്യന്മാരെ അയച്ചത് എന്തിനായിരിക്കുമെന്നാണ് ദുഷ്യന്തൻ ഊഹിച്ചത് ?

7) ദേവന്മാർ ദമയന്തിയെ പരിഗ്രഹിക്കുന്നതിനു യോഗ്യരല്ല എന്ന് നാരദൻ സമർത്ഥിക്കുന്നതെങ്ങനെ ?

8) ദമയന്തിയുടെ സഹോദരന്മാർ ആരെല്ലാം ?

9) ദേവേന്ദ്രൻ നാരദനോട് ചോദിച്ചതെന്ത് ?

10) സരസ്വതി എന്തു വരമാണ് നളനു നൽകിയത് ?

P.T.O.

II. **രണ്ടെണ്ണ**ത്തിന്റെ ആശയം വിശദമാക്കുക. **(2×3=6)**

11) തേജോദ്വയത്തിനൊരുമിച്ചുദയക്ഷയങ്ങൾ
ഇജ്ജീവികൾക്കൊരു നിദർശനമെന്നു തോന്നും

12) പായുന്ന കണ്ണീർക്കണമെന്ന പോലെ
പെയ്യുന്നിതേ വെള്ളില വള്ളി തോറും

13) ശിരസ്സു സത്തർക്കുയരാ സമൃദ്ധിയാൽ
പരോപകാരിക്കിതു ജന്മസിദ്ധമാം.

III. **രണ്ടെണ്ണ**ത്തിന്റെ ആശയം വിശദമാക്കുക. **(2×3=6)**

14) പ്രിയമെന്നോർത്തിതു പറകയോ മമ
ക്രിയകൊണ്ടേവമിരുന്നീടുമോ

15) അർണ്ണവം തന്നിലല്ലോ നിമ്നഗയേർന്നൂ ഞായം
അന്യഥാവരുത്തുവാൻ കുന്നുമുതിർന്നീടുമോ

16) മാരശരൈരാകുല മതിയായ്
മാകുരു നീ വംശകളങ്കം.

IV. **ഒരു** പേജിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. **(2×3=6)**

17) ശകുന്തളയെ വൃക്ഷങ്ങൾ സഹായിച്ചതെങ്ങനെ ?

18) സംസ്കൃത നാടക ലക്ഷണങ്ങൾ ശാകുന്തളത്തിൽ എത്രമാത്രം യോജിക്കുന്നു ?

19) കണ്വമഹർഷി ദുഷ്യന്തനു നൽകുന്ന സന്ദേശവും ശകുന്തളയ്ക്കു നൽകുന്ന ഉപദേശവും വിവരിക്കുക.

V. **ഒരു** പേജിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. **(2×3=6)**

20) നളൻ കയറിപ്പിടിച്ചപ്പോൾ ഹംസം പ്രതികരിച്ചതെങ്ങനെ ?

21) ദേവൻമാരുടെ ദൂത്യം നളൻ എങ്ങനെ നിർവ്വഹിച്ചു ?

22) നളന് സ്വയംവര വേദിയിൽ വെച്ച് ലഭിച്ച വരങ്ങൾ എന്തെല്ലാം ?

VI. **മൂന്നു** പേജിൽ കവിയാതെ **ഒരു** ചോദ്യത്തിനുത്തരമെഴുതുക. **(1×10=10)**

23) അനസൂയാപ്രിയംവദമാരുടെ സ്വഭാവം നിരൂപണം ചെയ്യുക.

24) ഒരു പിതാവെന്ന നിലയിൽ കണ്വമഹർഷിയുടെ സ്ഥാനമെന്ത് ?

VII. **മൂന്നു** പേജിൽ കവിയാതെ **ഒരു** ചോദ്യത്തിനുത്തരമെഴുതുക. **(1×10=10)**

25) നളചരിതത്തിന്റെ സാഹിത്യഗുണങ്ങൾ വിലയിരുത്തുക.

26) ദമയന്തിയുടെ സ്വഭാവം നിരൂപിക്കുക.

VIII. വ്യാകരണം. **(1×6=6)**

27) നാമവിഭാഗങ്ങൾ ഏവ ?